**അഭിമുഖം**

**ഇദ്‌രീസ് ബൂ അസു**

# 'തുർക്കിയിലെ പരീക്ഷണം മൂല്യങ്ങളിൽനിന്നുള്ള പിൻനടത്തമല്ല'

*തുർക്കിയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയ പരീക്ഷണങ്ങളെക്കുറിച്ച് പഠനം നടത്തുന്ന ഗവേഷകനാണ് അറബ് വംശജനായ ഇദ്‌രീസ് ബൂ അസു. തുർക്കിയിലെ ഒടുവിലത്തെ രാഷ്ട്രീയ പ്രതിസന്ധിയെക്കുറിച്ചും മറ്റും ഇസ്‌ലാം ഓൺലൈൻ സന്ദർശകർ ഉന്നയിച്ച ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറയുന്നു.*

■ അധികാരത്തിലെത്താൻ തുർക്കിയിലെ ഇസ്‌ലാമിസ്റ്റുകൾ ഇസ്‌ലാമിന്റെ ചില മൗലിക തത്ത്വങ്ങളിൽ വിട്ടുവീഴ്ച ചെയ്യുകയുണ്ടായില്ലേ?

● വിട്ടുവീഴ്ച എന്ന പ്രയോഗം പലപ്പോഴും നമ്മുടെ സംസാരങ്ങളിൽ അസ്ഥാനത്താണ് കടന്നുവരുന്നത്. കാര്യങ്ങൾ വ്യക്തമാകാൻ ചരിത്രത്തിലൂടെ അൽപം നാം പുറകോട്ട് സഞ്ചരിക്കണം. നബിയുടെ കാലത്ത് നടന്ന ഹുദൈബിയ സന്ധി. പ്രവാചകന്റെ മിക്ക അനുയായികൾക്കും ഈ സന്ധി ഇസ്‌ലാമിക മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യലായും താഴോട്ടിറങ്ങലായുമാണ് അനുഭവപ്പെട്ടത്. പക്ഷേ, പ്രവാചകന്റെ വീക്ഷണം മറ്റൊന്നായിരുന്നു. അത് സമഗ്രമായ വീക്ഷണമായിരുന്നു. ഏതെങ്കിലും അടിസ്ഥാനങ്ങളിൽ അവിടുന്ന് വിട്ടുവീഴ്ച ചെയ്തിരുന്നില്ല. അത് തീർത്തും തന്ത്രപരമായ ഒരു നീക്കമായിരുന്നു.

ഈയൊരു ചരിത്രാനുഭവത്തിന്റെ വെളിച്ചത്തിൽ നോക്കിയാൽ തുർക്കിയെപ്പോലുള്ള നാടുകളിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അനുവർത്തിക്കുന്ന രീതികൾ മൂല്യങ്ങൾ കൈയൊഴിക്കലല്ല എന്ന് വ്യക്തമാവും. തങ്ങളുടെ ഇസ്‌ലാമിസ്റ്റ് പശ്ചാത്തലം തുർക്കിയിലെ ഇസ്‌ലാമിക പ്രസ്ഥാനം ഒരിക്കലും തള്ളിപ്പറഞ്ഞിട്ടില്ല. നിലവിലുള്ള രാഷ്ട്രീയ പശ്ചാത്തലത്തിൽ പ്രതിയോഗികളെ നേരിടാനുള്ള അടവുകൾ രൂപപ്പെടുത്തുക മാത്രമണവർ. ഭരണയന്ത്രം എത്തിപ്പിടിക്കണമെങ്കിൽ അത്തരം അടവുകൾ ഇല്ലാതെ കഴിയില്ല.

■ പലതരം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തുർക്കിയിൽ ആവിർഭവിച്ചിട്ടുണ്ട്. 'മഹാപൗരസ്ത്യം' പോലെ ആധ്യാത്മിക മേഖലയിൽ മാത്രം ശ്രദ്ധിക്കുന്ന പ്രസ്ഥാനങ്ങൾ. വിശ്വാസ വൈകല്യങ്ങൾ തിരുത്തുകയായിരുന്നു സഈദ് നൂർസിയുടെ 'നൂർ' പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യം. ഇത്തരം വിവിധ ധാരകളുടെ സാന്നിധ്യം ഇസ്‌ലാമികാഭിമുഖ്യമുള്ളവരുടെ ഐക്യത്തിന് തടസ്സമാവുന്നുണ്ടോ?

● വിവിധ ധാരകളുണ്ട് എന്നത് ശരിയാണ്. ചിലത് സാംസ്കാരിക ചിന്താ പ്രസ്ഥാനങ്ങളാണ്. ഇസ്‌ലാമിക സ്വത്വ സംരക്ഷണം ലക്ഷ്യമാക്കുന്നവയും ഇസ്‌ലാമിക ശിക്ഷണത്തിൽ കേന്ദ്രീകരിക്കുന്നവയും അക്കൂട്ടത്തിലുണ്ട്. പക്ഷേ, അവ ഊർജം സംഭരിക്കുന്നത് ഒരേ സ്രോതസ്സിൽനിന്നാണ്. ഊന്നലുകളിലും രീതികളിലുമാണ് ഭിന്നാഭിപ്രായമുള്ളത്. അതിനാൽ രാഷ്ട്രീയ നിലപാടുകളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവരും. പക്ഷേ, തുർക്കി സമൂഹത്തിന് അതിന്റെ ഇസ്‌ലാമിക സ്വത്വം തിരിച്ചുപിടിക്കുക എന്ന കേന്ദ്രബിന്ദുവിൽ എല്ലാ ഇസ്‌ലാമികാഭിമുഖ്യമുള്ള സംഘടനകളും യോജിക്കുന്നതായാണ് കാണാൻ കഴിയുന്നത്.

■ റജബ് ത്വയ്യിബ് ഉർദുഗാൻ നേതൃത്വം നൽകുന്ന ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (എ.കെ പാർട്ടി)യെ എങ്ങനെ വിലയിരുത്തുന്നു?

● തുർക്കിയിലെ ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഏറ്റവും പുതിയ പരിണാമമാണ് എ.കെ പാർട്ടി. നജ്മുദ്ദീൻ അർബകാൻ പ്രതിനിധീകരിക്കുന്ന ദേശീയധാരയുടെ തുടർച്ച തന്നെയാണിത്. അർബകാൻ നേരിട്ട ചില രാഷ്ട്രീയ പ്രതിസന്ധികൾ മറികടക്കാൻ തെരഞ്ഞെടുത്ത ഒരു പുതിയ വഴി എന്നു പറയാം. പ്രായോഗിക രാഷ്ട്രീയത്തോട് കൂടുതൽ ഇണങ്ങുന്ന ഒരു ശൈലിയാണ് എ.കെ പാർട്ടിയുടേത്. ഇതു പക്ഷേ, അർബകാൻ ശൈലി പോലെ മാതൃകാപരം അല്ല എന്നും കാണേണ്ടതുണ്ട്.

ഇതുവരെയുള്ള അനുഭവം വെച്ച് പറഞ്ഞാൽ എ.കെ പാർട്ടിക്ക് ഒരുപാട് രാഷ്ട്രീയ പാഠങ്ങൾ അഭ്യസിക്കാനും തുർക്കി സമൂഹത്തിന് സാമ്പത്തിക പുരോഗതി നേടിക്കൊടുക്കാനും സാധിച്ചിട്ടുണ്ട്. പുതിയ രാഷ്ട്രീയ നയനിലപാടുകൾ സ്വീകരിച്ചിരുന്നില്ലെങ്കിൽ ഇത് സാധ്യമാകുമായിരുന്നില്ല. ആഭ്യന്തര-വൈദേശിക രാഷ്ട്രീയം വേഗത്തിൽ ഉൾക്കൊള്ളാനും അതിനനുസരിച്ച് നയം രൂപീകരിക്കാനും സമർഥരാണ് എ.കെ പാർട്ടിയുടെ സാരഥികൾ.

■ വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനെക്കുറിച്ച്? എ.കെ പാർട്ടി വീണ്ടും അധികാരത്തിലെത്തുമോ?

● തെരഞ്ഞെടുപ്പിൽ എ.കെ പാർട്ടി വലിയ നേട്ടങ്ങളുണ്ടാക്കുമെന്നാണ് സൂചനകളത്രയും. കുറച്ചു മുമ്പ് അഞ്ച് പ്രമുഖ തുർക്കി നഗരങ്ങളിൽ നടത്തിയ അഭിപ്രായ സർവെ എ.കെ പാർട്ടിക്ക് ലഭിക്കുന്ന വോട്ടിംഗ് ശതമാനം 38.4 ആയി ഉയർന്നതായി വ്യക്തമാക്കുന്നു. സകല മതേതര കക്ഷികളുടെയും ജനപിന്തുണ കുറഞ്ഞതായും വ്യക്തമാക്കപ്പെട്ടു. പ്രതിപക്ഷ കക്ഷികളുടെ ജനപിന്തുണ കുറയുകയും അവർ ഒരു മുന്നണിയായി മത്സരിക്കാനുള്ള സാധ്യത ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗണ്യമായ ഭൂരിപക്ഷം എ.കെ പാർട്ടി നേടുമെന്നു തന്നെ ഞാൻ പ്രതീക്ഷിക്കുന്നു. ആ പാർലമെന്റായിരിക്കും പ്രസിഡന്റ് സ്ഥാനാർഥിയെക്കുറിച്ച് തീരുമാനമെടുക്കുക.

എ.കെ പാർട്ടിക്കെതിരെ മതേതര കക്ഷികൾ തെരുവിലിറങ്ങി പ്രക്ഷോഭം നടത്തിയത് ശ്രദ്ധിച്ചുകാണുമല്ലോ. അതും എ.കെ പാർട്ടിയുടെ സ്വീകാര്യത വർധിപ്പിച്ചതായി കാണാൻ കഴിയും. അവരുടെ നിസ്വാർഥയും സേവനമനസ്കതയും തുർക്കി ജനത അംഗീകരിച്ചതിന് തെളിവാണിത്. എ.കെ പാർട്ടിക്ക് വേണമെങ്കിൽ മറുപടിയായി മതേതര കക്ഷികൾ നടത്തിയതിനേക്കാൾ വലിയ റാലി നടത്താൻ കഴിയുമായിരുന്നു. എ.കെ പാർട്ടി നേതൃത്വം തന്ത്രപൂർവം അത് വേണ്ടെന്നുവെച്ചതാണ്. അങ്ങനെ നടത്തിയിരുന്നെങ്കിൽ പ്രതിയോഗികളുമായുള്ള

രക്തപങ്കിലമായ ഏറ്റുമുട്ടലിലായിരിക്കും അത് കലാശിക്കുക. ആ സ്ഥിതിവിശേഷം ഒരിക്കലും എ.കെ പാർട്ടിക്ക് അനുകൂല മായിരിക്കില്ല. തങ്ങളുടെ നിലപാടുകൾ വളരെ സമാധാനപര മായി തുർക്കി സമൂഹത്തെ ബോധ്യപ്പെടുത്തിയാൽ മാത്രം മതി യെന്നാണ് പാർട്ടി തീരുമാനം.

■ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ എ.കെ പാർട്ടി ശാഠ്യം പിടിച്ചത് അവിടത്തെ ഇസ്‌ലാമിക സമൂഹത്തിന് ഗുണ കരമാവുമോ?

● പ്രസിഡന്റ് സ്ഥാനാർഥി പ്രശ്നത്തിൽ എ.കെ പാർട്ടിക്ക് ശാഠ്യമുള്ളതായി എനിക്ക് തോന്നിയിട്ടില്ല. ഇക്കാര്യത്തിൽ മറ്റുള്ള പാർട്ടികൾക്കുള്ള ഭരണഘടനാപരമായ അവകാശം തങ്ങൾക്കും വേണമെന്നേ അവർ പറഞ്ഞിട്ടുള്ളൂ. ഏത് രാഷ്ട്രീയ പാർട്ടിക്കും പ്രസിഡന്റ് സ്ഥാനാർഥിയെ നിർദേശിക്കാം. മതവിരുദ്ധ കക്ഷി കളും ദേശീയത ഉയർത്തിപ്പിടിക്കുന്ന കക്ഷികളും സ്ഥാനാർഥിയെ നിർദേശിക്കുന്നുണ്ട്. എ.കെ പാർട്ടിക്ക് മാത്രം അത് പാടില്ല എന്ന് പറയുന്നതിൽ എന്താണ് ന്യായം? തെര ഞ്ഞെടുപ്പു ഗോദ എല്ലാവർക്കുമായി തുറന്നിട്ടതാകണം. ജനം ആരെ പിന്തുണക്കുന്നുവോ അയാൾ പ്രസിഡന്റാവട്ടെ.

■ തുർക്കി സൈനിക നേതൃത്വം ഏർപ്പെടുത്തിയ നിയ ന്ത്രണങ്ങളെ മറികടക്കാൻ എ.കെ പാർട്ടിക്ക് കഴിഞ്ഞിട്ടുണ്ടോ? അർബകാൻ അവിടെ പരാജയപ്പെടുകയായിരുന്നല്ലോ.

● തുർക്കി സമൂഹത്തിന് പലതും നേടിക്കൊടുക്കാൻ എ.കെ പാർട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. യൂറോപ്യൻ യൂനിയനിൽ അംഗത്വം കിട്ടുമെന്ന പ്രതീക്ഷയും പ്രബലമായിട്ടുണ്ട്. ഈ നേട്ടങ്ങൾ മുൻനിർത്തി സൈന്യത്തിന്റെ ഇടപെടലുകൾക്ക് ഒരു പരിധി വരെ മൂക്കുകയറിടാൻ എ.കെ പാർട്ടിക്ക് സാധിച്ചു. ഇതിനു മുമ്പുള്ള ഇസ്‌ലാമികാഭിമുഖ്യമുള്ളതും ഇല്ലാത്തതുമായ ഒരു കക്ഷിക്കും കഴിയാത്ത കാര്യമാണിത്. തുർക്കിയുടെ യൂറോപ്യൻ യൂനിയൻ പ്രവേശം എ.കെ പാർട്ടിയുടെ ഒരു പ്രധാന അജണ്ട യാണ്. അവർ പ്രതിയോഗികൾക്കെതിരെ ചുഴറ്റുന്ന ഒരായുധം കൂടിയാണിത്. ഈയൊരു നിലപാട് എടുക്കുന്നതുകൊണ്ട് നിയ ന്ത്രണങ്ങൾ കൊണ്ടുവരാൻ മതേതര കേന്ദ്രങ്ങൾക്കും സൈന്യ ത്തിനും ബുദ്ധിമുട്ടുണ്ട്. സൈന്യത്തെ അകറ്റിനിർത്താൻ എ.കെ പാർട്ടി ശ്രമിക്കുന്നതുകൊണ്ടാണ് തുർക്കിക്ക് പുരോഗതി നേടാ നായത് എന്ന ധാരണ സമൂഹത്തിൽ പ്രചാരം നേടുന്നുമുണ്ട്.

■ തുർക്കിയിലെ പരീക്ഷണങ്ങളെ അറബ് ലോകത്തെ ഇസ്‌ലാ മിസ്റ്റുകൾക്ക് അനുകരിച്ചുകൂടേ?

● ഏതൊരു നാട്ടിലെയും പരീക്ഷണങ്ങളെ അതേപടി അനുക രിച്ച് മറ്റൊരു നാട്ടിൽ പ്രയോഗിക്കാനാവില്ല. ഓരോ നാടിനും അതിന്റേതായ സവിശേഷതകളും രാഷ്ട്രീയ സാഹചര്യവുമു ണ്ട്. അത് മുമ്പിൽ വെച്ചാണ് രാഷ്ട്രീയ നിലപാടുകൾ രൂപപ്പെ ടുന്നത്. മൊത്തത്തിൽ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് തുർക്കിയിൽനിന്ന് പലതും പഠിക്കാനുണ്ടെന്നതും വാസ്തവ മാണ്. ■

# സേവനപ്രവർത്തനങ്ങളുടെ മറവിൽ മതംമാറ്റം

അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് ക്രിസ്ത്യൻ മതസം ഘടനകൾക്ക് നിർലോഭം പണം അനുവദിക്കുന്നതായി പരാ തി. 2001-ൽ പ്രസിഡന്റ് ബുഷ് തുടക്കം കുറിച്ച 'ഫെയ്ത് ബെയ്സ്ഡ് ആന്റ് കമ്യൂണിറ്റി ഇനീഷ്യേറ്റീവ്' എന്ന പദ്ധതി യുടെ ഭാഗമായാണ് പണം നൽകുന്നത്. നിയമപ്രകാരം ജീവ കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ മതത്തിലുംപെട്ട സംഘടനകൾക്ക് ഈ ആനുകൂല്യം ലഭിക്കേണ്ടതാണ്. പക്ഷേ, ഈ ഇനത്തിൽ 2001-2005 കാലയളവിൽ അനുവദിച്ച ഫണ്ടിന്റെ 98.3 ശതമാനവും ലഭിച്ചത് ക്രിസ്ത്യൻ സംഘടനകൾക്കാണെന്ന് *ബോസ്റ്റൺ ഗ്ലോബ്* പത്രം റിപ്പോർട്ട് ചെയ്യുന്നു. ടെക്സാസിലെ ഇസ്‌ലാമിക് യൂനിറ്റി സെന്ററിനും ന്യൂയോർക്കിലെ 'ഇസ്‌ലാ മിക് സർക്ക്ൾ ഓഫ് നോർത്ത് അമേരിക്ക റിലീഫി'നും പേരി നൊരു സഹായം കിട്ടിയിട്ടുണ്ട്- യഥാക്രമം 18413-ഉം 6750-ഉം ഡോളർ.

മതസംഘടനകൾക്ക് പണം നൽകുന്നതിനുള്ള പദ്ധതിക്ക് അമേരിക്കൻ കോൺഗ്രസ്സിന്റെ അംഗീകാരം ലഭിക്കാൻ പ്രയാ സമായതുകൊണ്ട് പ്രസിഡന്റ് തന്റെ അധികാരമുപയോഗിച്ച് പ്രത്യേക ഉത്തരവ് ഇറക്കുകയായിരുന്നു. രാഷ്ട്രീയത്തിൽ ബുഷിന്റെ കൂടെ ഇറങ്ങിക്കളിക്കുന്ന ഇവാഞ്ചലിക്കൽ വിഭാഗ ങ്ങൾക്കു വേണ്ടിയാണ് ഇത്തരമൊരു പദ്ധതിയെന്ന് തുടക്ക ത്തിലേ ആരോപണമുയർന്നു. തീവ്ര മതപ്രഭാഷകനും ബുഷിന്റെ വലംകൈയുമായ പാറ്റ് റോബർട്സൺ നേതൃത്വം നൽകുന്ന ഓപറേഷൻ ബ്ലസ്സിംഗ് എന്ന സംഘടനക്ക് തുടക്ക ത്തിൽ ഒരു ലക്ഷം ഡോളറാണ് നൽകിയിരുന്നത്. അത് രണ്ടു വർഷത്തിനകം പതിനാലര മില്യനായി വർധിച്ചു. സൂനാമിബാധിത പ്രദേശങ്ങളിലും മറ്റും സേവന പ്രവർത്തന ങ്ങൾ നടത്തിയ 'വേൾഡ് വിഷൻ' എന്ന സംഘടനക്ക് ലഭി ച്ചത് 260 മില്യൻ ഡോളറാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എന്ന പേരിൽ എഴുതി വാങ്ങുന്ന ഫണ്ടിന്റെ നല്ലൊരു ഭാഗം മൂന്നാം ലോകരാജ്യങ്ങളിൽ ബൈബിൾ പ്രചരിപ്പിക്കുന്നതിനും മതംമാറ്റുന്നതിനുമാണ് ഉപ യോഗിക്കുന്നതെന്ന് വ്യാപകമായ ആക്ഷേപമുണ്ട്. ഫണ്ട് ലഭി ക്കുന്ന 'ഫുഡ് ഫോർ ഹൻഗ്രി' എന്നൊരു സംഘടന കെനിയ യിലെ ഒരു ഗ്രാമത്തെ മുഴുവൻ ക്രൈസ്തവതയിലേക്ക് മതം മാറ്റിയതായി *ബോസ്റ്റൺ ഗ്ലോബ്* പ്രസിദ്ധീകരിച്ച ഒരു ലേഖന ത്തിൽ പറയുന്നു. പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ നില വിൽവന്ന ഈ പദ്ധതിക്കെതിരെ കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ട് അമേരിക്കയിലെ ഒരു സംഘടന. ■

## 'ലോക ഇസ്‌ലാമിക സമ്മേളന'വും ബ്ലെയറിന്റെ മലക്കംമറിച്ചിലും

ജൂൺ 4 മുതൽ രണ്ടു ദിവസം നീണ്ട ഒരു 'ലോക മുസ്‌ലിം സമ്മേളനം' നടക്കുകയുണ്ടായി ലണ്ടനിൽ. കാംബ്രിഡ്ജ് യൂനിവേഴ്സിറ്റിയാണ് സംഘാടകർ. മുപ്പത് മുസ്‌ലിം രാജ്യങ്ങളിൽനിന്നുള്ള മത-രാഷ്ട്രീയ നേതാക്കൾ സമ്മേളനത്തിൽ പങ്കെടുത്തു. ഈജിപ്ഷ്യൻ മുഫ്തി അലി ജുമുഅ മുതൽ ബോസ്നിയൻ മുഫ്തി മുസ്ത്വഫാ സെറിക് വരെയുള്ളവർ. 'ചില എണ്ണപ്പെട്ട ലോക മുസ്‌ലിംനേതാക്കളും പണ്ഡിതന്മാരും ഇവിടെ ഒരുമിച്ചു ചേർന്നിരിക്കുകയാണ്. അവർ പറയുന്നത് ശ്രദ്ധിക്കണമെന്ന് ഞാൻ എന്റെ നാട്ടുകാരോട് അഭ്യർഥിക്കുന്നു'- സ്വാഗത ഭാഷണത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയർ പറഞ്ഞു. ചാൾസ് രാജകുമാരന്റെ സന്ദേശം സമ്മേളനത്തിൽ വായിച്ചു. നിയുക്ത പ്രധാനമന്ത്രി ഗോർഡൻ ബ്രൗൺ, ടോറി നേതാവ് ഡേവിഡ് കാമറോൺ എന്നിവരുടെ സാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടു.

ബ്രിട്ടീഷ് കാമ്പസുകളിലെ ഇസ്‌ലാമിക പഠനവകുപ്പുകൾക്ക് വേണ്ടത്ര നിലവാരമില്ലെന്നും ദുരുപയോഗപ്പെടുത്താൻ സാധ്യതയുള്ളതാണെന്നും ഗവൺമെന്റ് നിയോഗിച്ച ഒരു അന്വേഷണ കമീഷൻ വെളിപ്പെടുത്തിയതിന്റെ തൊട്ടു പിറകെയാണ് 'ഇന്നത്തെ ലോകത്ത് ഇസ്‌ലാമും മുസ്‌ലിംകളും' എന്ന ബാനറിൽ ഈ സമ്മേളനം അരങ്ങേറുന്നത്. അന്വേഷണ കമീഷന് നേതൃത്വം നൽകിയ അത്വാഉല്ലാ സിദ്ദീഖി എന്ന ബ്രിട്ടീഷ് പണ്ഡിതനും സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. 'ഡോ. സിദ്ദീഖിയുടെ നിർദേശങ്ങൾക്ക് ഫോളോഅപ്പ് ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു'- ഇതിനെ സൂചിപ്പിച്ചുകൊണ്ട് ബ്ലെയർ പറഞ്ഞു. ഇതിനായി ഒരു ഫണ്ട് രൂപവത്കരിക്കുമെന്നും ബ്ലെയർ അറിയിച്ചു.

പക്ഷേ, ബ്ലെയറുടെ പബ്ലിസിറ്റി സ്റ്റണ്ടായി മാത്രമേ ഈ 'ലോക മുസ്‌ലിം സമ്മേളന'ത്തെ ബ്രിട്ടനിലെ മുഖ്യധാരാ മുസ്‌ലിം സംഘടനകളും നേതാക്കളും കാണുന്നുള്ളൂ. 'സമ്മേളനം സംഘടിപ്പിച്ചത് കാംബ്രിഡ്ജ് യൂനിവേഴ്സിറ്റിയാണെങ്കിലും മേൽനോട്ടം ഡൗണിംഗ് സ്ട്രീറ്റിലെ വിദേശ മന്ത്രാലയത്തിനായിരുന്നു. ഗവൺമെന്റ് നയങ്ങളുമായി വിയോജിക്കുന്നവരെ സമ്മേളനത്തിൽനിന്ന് അകറ്റിനിർത്തിയത് അതുകൊണ്ടാണ്'- പ്രഭുസഭയിലെ ലേബർ പാർട്ടി അംഗം നാസിർ അഹ്മദ് പറഞ്ഞു: 'ഭിന്നിപ്പിച്ച് ഭരിക്കുക എന്ന കൊളോണിയൽ തന്ത്രം തന്നെയാണ് ഇവിടെയും ബ്ലെയർ പ്രയോഗിച്ചത്. ബ്രിട്ടീഷ് മുസ്‌ലിം സംഘടനകളുടെ പൊതുവേദിയായ 'മുസ്‌ലിം കൗൺസിൽ ഓഫ് ബ്രിട്ടന്' വരെ ക്ഷണം ലഭിക്കുകയുണ്ടായില്ല.'

ജൂൺ 27-ന് ബ്ലെയർ പ്രധാനമന്ത്രിസ്ഥാനത്തുനിന്ന് പടിയിറങ്ങുകയാണ്. വിവിധ മതവിശ്വാസങ്ങളെ ഒന്നിപ്പിക്കുന്ന കണ്ണി(multi-faith ambassador)യായി വർത്തിക്കുകയും തദാവശ്യാർഥം ലണ്ടനിൽ ഒരു ഫൗണ്ടേഷന് രൂപം കൊടുക്കുകയുമാണ് തന്റെ അടുത്ത പരിപാടിയെന്ന് ബ്ലെയർ വിശദീകരിച്ചിരുന്നു. അതിന് നിലമൊരുക്കാൻ വേണ്ടിയാകാം ഈ സമ്മേളനം. മുസ്‌ലിംകൾക്കെതിരായ ബുഷിന്റെ സംഹാരതാണ്ഡവങ്ങൾക്ക് കണ്ണടച്ച് പിന്തുണ കൊടുത്ത ബ്ലെയറിന്റെ ഒടുവിലത്തെ മലക്കംമറിച്ചിലുകളെ പുഛത്തോടെയാണ് ബ്രിട്ടനിലെ സാംസ്കാരിക പ്രമുഖർ നോക്കിക്കാണുന്നത്. ■

## സോളിലെ 'പത്രസമ്മേളനങ്ങൾ'

ദക്ഷിണ കൊറിയൻ തലസ്ഥാനമായ സോളിലെ ഈജിപ്ഷ്യൻ എംബസിക്കു മുമ്പിൽ ദക്ഷിണ കൊറിയയിലെ ചില പ്രമുഖ സംഘടനകൾ നടത്തിയ 'പത്രസമ്മേളനം' കൗതുകമുണർത്തി. ഈജിപ്ഷ്യൻ ഏകാധിപതി ഹുസ്നി മുബാറകിന്റെ കിരാത ഭരണത്തിനെതിരെ പ്രതിഷേധിച്ചും അവിടെ മനുഷ്യാവകാശ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്ന 'കിഫായ' കൂട്ടായ്മക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുമായിരുന്നു 'പത്രസമ്മേളനം'. ദക്ഷിണ കൊറിയയിൽ ഒരു നിയമമുണ്ട്. ഏത് എംബസിയുടെയും നൂറ് മീറ്റർ പരിസരത്ത് പ്രതിഷേധ പ്രകടനങ്ങൾ പാടില്ല. 'പത്രസമ്മേളനം' ആയാൽ നിയമപ്രശ്നമില്ല.

2005-ലും 2006-ലും ഇതേ പ്രശ്നത്തിൽ ഈജിപ്ഷ്യൻ എംബസിക്ക് മുമ്പിൽ 'പത്രസമ്മേളനങ്ങൾ' നടന്നിരുന്നു. അതിൽ പങ്കെടുക്കാത്ത ചില സംഘടനകളും ഏറ്റവുമൊടുവിലത്തെ പ്രതിഷേധ പ്രകടനത്തിൽ പങ്കെടുത്തു. കൊറിയൻ ഡെമോക്രാറ്റിക് ലേബർ പാർട്ടി, ആൾടുഗതർ, കാത്തലിക് ഹ്യൂമൻ റൈറ്റ്സ് കമീഷൻ, സിറ്റിസൺസ് സോളിഡാരിറ്റി ഫോർ ഹ്യൂമൻ റൈറ്റ്സ്, ഫ്രണ്ട്സ് ഓഫ് ഏഷ്യ തുടങ്ങിയ പത്തോളം സംഘടനകളാണ് പ്രതിഷേധത്തിൽ പങ്കുചേർന്നത്.

"കഴിഞ്ഞ മാർച്ചിൽ ഒരു യുദ്ധവിരുദ്ധ സമ്മേളനത്തിൽ പങ്കെടുക്കാൻ ഞാൻ കയ്റോയിൽ പോയിരുന്നു. ജനാധിപത്യത്തിനു വേണ്ടി പൊരുതുന്ന ഇഛാശക്തിയുള്ള പോരാളികളെയാണ് എനിക്കവിടെ കാണാൻ കഴിഞ്ഞത്. ഹുസ്നി മുബാറകിന്റെ ദിനങ്ങൾ എണ്ണപ്പെട്ടുവെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. സ്വകാര്യവത്കരണവും ചൂഷണവും ദാരിദ്ര്യവും കാരണം അവിടത്തെ തൊഴിലാളികൾ വളരെയേറെ കഷ്ടപ്പെടുന്നു. മുസ്‌ലിം ബ്രദർഹുഡ് അവരുടെ മനുഷ്യാവകാശങ്ങൾക്കു വേണ്ടി പൊരുതുകയാണ്"- കൊറിയൻ ഡെമോക്രാറ്റിക് ലേബർ പാർട്ടിയുടെ മുതിർന്ന അംഗം കിം യും ജിൻ പറഞ്ഞു.

പ്രക്ഷോഭകർ ഉയർത്തിപ്പിടിച്ച ബാനർ ശ്രദ്ധിക്കുക: 'സിവിലിയന്മാരെ സൈനിക ട്രൈബ്യൂണലിന് വിട്ടുകൊടുക്കരുത്.' ഈജിപ്തിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ച് വരെ കൊറിയക്കാർ ബോധവാന്മാരാണ്. ■